**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി - ജീവനക്കാര്യം - ജിഡയിലെ ജീവനക്കാർക്ക് 1958-ലെ കെ.എസ് & എസ്.എസ്.ആറിലെ പൊതുവായ സർവ്വീസ് വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.3/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 05/01/2019**

---

പരാമർശം:- 1. 07.02.2015- ലെ സ.ഉ.(കൈ)നം.26/2015/തസ്വഭവ

2 .23.07.2015- ലെ സ.ഉ.(അച്ചടി) നം. 242/2015/തസ്വഭവ (എസ്.ആർ.ഒ. നമ്പർ 496/2015 )

3. ജിഡ സെക്രട്ടറിയുടെ 23.02.2017 -ലെ ജിഡ/106/2015 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്ത കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡെവലപ്മെന്റ് അതോറിറ്റീസ്) റൂൾസ്, 2015 അദ്ധ്യായം IV-ലെ വികസന അതോറിറ്റി ജീവനക്കാർക്ക് ബാധകമായ സേവനവ്യവസ്ഥകൾ സംബന്ധിച്ച റൂൾ 22-ൽ കേരള സർവീസ് റൂൾസ്, 1960-ലെ കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ ആൻഡ് അപ്പീൽ) റൂൾസ്, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ, 1958-ലെ കേരള ഗവൺമെന്റ് സെർവന്റ്സ് അപ്ലിക്കേഷൻ ഫോർ പോസ്റ്റ്സ്(പ്രൈവറ്റ് എംപ്ലോയ് മെന്റ് ആൻഡ് ഗവണ്മെന്റ് സർവീസ്) റൂൾസ് എന്നിവയുടെ വ്യവസ്ഥകൾ, സർക്കാർ വകുപ്പ് തലവന്മാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റി സെക്രട്ടറിക്കും, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റിയ്ക്കും ഉണ്ടെന്ന വ്യവസ്ഥയോടെ വികസന അതോറിറ്റി ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ട് . എന്നാൽ പ്രസ്തുത റൂളിൽ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാണെന്ന് പരാമർശമില്ല.

(2) ജിഡയിൽ പരാമർശം (1) പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം പരിശോധിക്കുന്നവേളയിൽ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജിഡയിലെ ജീവനക്കാർക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിലെ പൊതുവായ സർവ്വീസ് വ്യവസ്ഥകൾ (general service conditions) ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ഇത് സംബന്ധിച്ച കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡെവലപ്മെന്റ് അതോറിറ്റീസ്) റൂൾസ്, 2015 അദ്ധ്യായം IV റൂൾ 22-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല.സി.എസ്**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി , ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**